**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **12-02-2025 - ൽ മറുപടിയ്ക്ക്**

**കാവാലം-തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ കാവാലം-തട്ടാശ്ശേരി പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; | (എ) | ആലപ്പഴ ജില്ലയിലെ കാവാലം – തട്ടാശ്ശേരി പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി 17/01/2018 തീയതിയിൽ 46.10 കോടി രൂപയുടെ സാമ്പത്തികാനുമതിയും പ്രസ്തുത പ്രവൃത്തിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 17/09/2017 തീയതിയിൽ 4 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിരുന്നു. ഇത് പ്രകാരം സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുകയും 28/02/2024 തീയതിയിൽ സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി 10.82 കോടി രൂപ രണ്ട് ഘട്ടങ്ങളിലായി കിഫ്ബി അനുവദിച്ചിട്ടുണ്ട്. 2018 DSR പ്രകാരവും 18 ശതമാനം ജി.എസ്.ടി തുകയും ഉൾപ്പെടുത്തി 73.58 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 21/08/2023 ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി കിഫ്ബി സ്ഥല സന്ദർശനം നടത്തുകയും പാലത്തിന്റെ ഡിസൈൻ മാറ്റുന്നതിനും അതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിൽ തിരുത്തലുകൾ വരുത്തുന്നതിന് നിർദ്ദേശിച്ചു നൽകുകയും ചെയ്തു. തുടർന്ന്, ഡിസൈൻ വിഭാഗത്തിൽ നിന്നും നൽകിയ പുതുക്കിയ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റിൽ മാറ്റം വരുത്തി 03/08/2024 ൽ കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബിയുടെ പരിശോധനയുടെ ഭാഗമായി 03/09/2024 ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയും അതിനുള്ള മറുപടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് 28/09/2024 ൽ കിഫ്ബിയിൽ പുനർ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കിഫ്ബിയുടെ നേതൃത്വത്തിൽ 31/12/2024 ൽ നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ ഡിസൈൻ പ്രകാരം മുന്നോട്ട് പോകുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | 01/01/2025 ൽ കിഫ്ബി റിവിഷൻ ഫയൽ തിരിച്ചു നൽകുകയും ചെയ്തു. ഇതിൻ പ്രകാരം 60.81 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 16/01/2025 ൽ കിഫ്ബിയിൽ പുനർ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചതിനു ശേഷം എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുപ്പ് എന്നാണ് പൂർത്തീകരിച്ചതെന്നും എത്ര രൂപയാണ് സ്ഥലം ഏറ്റെടുത്ത ഇനത്തിൽ വിതരണം നടത്തിയതെന്നും ഇനി നൽകാനുള്ള തുക എത്രയെന്നും അറിയിക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | തട്ടാശ്ശേരി പാലത്തിന്റെ ടെണ്ടർ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (സി) | എ പിരിവിന്റെ അതേ മറുപടി |
| (ഡി) | പുതുക്കിയ സാമ്പത്തിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് കിഫ്ബിയിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | എ പിരിവിന്റെ അതേ മറുപടി |
| (ഇ) | കുട്ടനാടിന്റെ വടക്കൻ മേഖലയിലെ ജനങ്ങൾ നേരിടുന്ന യാത്ര പ്രതിസന്ധി കണക്കിലെടുത്ത് കാവാലം-തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ